LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിലാണ് കട്ടനാട്ടിലെ തകഴി അംബേദ്കർ കോളനിയെ (കന്നമ്മ) സമഗ്ര വികസനത്തിനായി സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്തത്. പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ വീട് അറ്റകുറ്റപ്പണി (26 എണ്ണം), കമ്മ്യൂണിറ്റി ഹാളിന്റെ ചുറ്റുമതിൽ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളിന്റെ ഇലക്ട്രിഫിക്കേഷൻ, പൈപ്പ് കണക്ഷൻ എന്നിവ പൂർത്തിയായി. നീടെയിനിംഗ് വാൾ പണിയും ഇന്റർലോക്കിംഗ് പണിയും നടന്നു കൊണ്ടിരിക്കുന്നു. റോഡ് പണി 75% പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് നാളിതുവരെ 65 ലക്ഷം രൂപ ചെലവഴിച്ചു. വീട് അറ്റകുറ്റപ്പണി, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ബാബു ജഗ്ജീവൻ റാം ഛത്രവാസ് പദ്ധതി

292 (957) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാരായ പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി ബാബു ജഗ്ജീവൻ റാം ഛത്രവാസ് പദ്ധതി വിഹിതമായി 2013-14-ൽ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു ; അതിൽ എത്ര തുക ചെലവഴിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി നിലവിലുള്ള ബഡ്ജറ്റിൽ നീക്കിവച്ച തുകയും ഇതുവരെ ചെവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികജാതിക്കാരായ പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി ബാബു ജഗ്ജീവൻ റാം ഛത്രവാസ് പദ്ധതി വിഹിതമായി 2013-14-ൽ ബഡ്ജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എങ്കിലും കേന്ദ്രസർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലുകൾ അംഗീകരിച്ച് കേന്ദ്ര സഹായം അനുവദിച്ച് ലഭിക്കാത്തതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്കായി 2015-16-ലെ ബഡ്ജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.